Page 1 of 1

## വ്യവസായ വകുപ്പിൽ ഒഴിഞ്ഞുകിടക്കുന്ന ഒഴിവുകൾ

**277 (617)** പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 മേയ് മാസം മുതൽ വ്യവസായ വകുപ്പിൽ ഏതൊക്കെ തസ്തികകളിൽ റിട്ടയർമെന്റ് മുഖേന ഒഴിവുകൾ ഉണ്ടായിട്ടുണ്ട്;

(ബി) ഏതൊക്കെ തസ്തികകളിൽ എത്ര ഒഴിവുകൾ വീതം എന്ന് മുതൽ ഒഴിഞ്ഞു കിടക്കുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) ഒഴിഞ്ഞുകിടക്കുന്ന ഒഴിവുകൾ വകുപ്പിന്റെ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ?

### ഉത്തരം

(എ) 2014 മേയ് മാസം മുതൽ വ്യവസായ വാണിജ്യ വകുപ്പിലും മൈനിംഗ്&ജിയോളജി വകുപ്പിലും റിട്ടയർമെന്റ് മുഖേന ഉണ്ടായ ഒഴിവുകളുടെ വിശദവിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) മൈനിംഗ് & ജിയോളജി വകുപ്പിലെ ഒഴിവുകളുടെ വിശദവിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. വ്യവസായ വാണിജ്യ വകുപ്പിനെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ച് വരുന്നു.

(സി&ഡി) മൈനിംഗ് & ജിയോളജി വകുപ്പിൽ ഒഴിവുള്ള തസ്തികകളിൽ വകുപ്പിന്റെ പ്രവർത്തനങ്ങളെ ബാധിക്കാത്തതരത്തിൽ നിലവിലുള്ള ഉദ്യോഗസ്ഥർക്ക് ചുമതല ക്രമീകരണങ്ങൾ നൽകിയിട്ടുണ്ട്. ഉയർന്ന തസ്തികകളിലെ ഒഴിവുകളിൽ സ്ഥിര നിയമനം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ടി വകുപ്പിലെ എൻട്രികേഡറിലെ ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വ്യവസായ വാണിജ്യ വകുപ്പിനെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ച് വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly